**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1417** **11.08.2017 ൽ മറുപടിയ്ക്ക്**

## ജൈവപച്ചക്കറി കൃഷി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) സർക്കാർ നേരിട്ട് ജൈവപച്ചക്കറി കൃഷി എവിടെയെല്ലാം ചെയ്യുന്നുണ്ട്; ഏതെല്ലാം പച്ചക്കറികളാണ് കൃഷിചെയ്യുന്നത്; വിശദമാക്കാമോ; | എ) കൃഷി വകുപ്പിന്റെ കീഴിലുള്ള വിവിധ കൃഷി ഫാമുകളിൽ ഉത്തമ കൃഷി മുറകൾ പാലിച്ചുകൊണ്ട് പച്ചക്കറി കൃഷി ചെയ്തുവരുന്നു. ഏകദേശം 100 ഹെക്ടർ സ്ഥലത്ത് വിവിധ ഇനം പച്ചക്കറികൾ വിത്തുല്പാദനത്തിനും പച്ചക്കറികൾക്കുമായി കൃഷി ചെയ്യുന്നു. വെണ്ട, വെള്ളരി, പാവൽ, പടവലം, ചീര, മുളക്, പയർ, വഴുതന, കോവൽ മുതലായവയാണ് പ്രധാനമായും കൃഷി ചെയ്യുന്നത്. |
| ബി) സർക്കാർ ഭൂമിയിലും തരിശ് ഭൂമിയിലും വകുപ്പ് നേരിട്ട് കൃഷി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ? | ബി) സർക്കാർ ഭൂമിയിലും തരിശ് ഭൂമിയിലും കൃഷി വകുപ്പ് നേരിട്ട് കൃഷി നടത്തുന്നില്ല. എന്നിരുന്നാലും സംസ്ഥാനത്ത് തരിശുനിലം കൃഷിയോഗ്യമായി മാറ്റുന്നതിന് 2017-18- ലെ പച്ചക്കറി വികസന പദ്ധതിയിൻ കീഴിൽ കർഷകർ, സ്വന്തമായി ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികൾ, കർഷക കൂട്ടായ്മകൾ, യൂത്ത് ക്ലബ്ബ്, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നുണ്ട്. മുൻ വർഷങ്ങളിൽ കൃഷി ചെയ്യാതെ തരിശായി കിടക്കുന്ന ഭൂമി കൃഷിയോഗ്യമാക്കി മാറ്റി അതുവഴി കൂടുതൽ തരിശുഭൂമി കൃഷിയോഗ്യമാക്കുവാനും, ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുവാനും അത്തരത്തിൽ പച്ചക്കറി കൃഷിയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുക വഴി സംസ്ഥാനത്ത് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും പഞ്ചായത്തുകളെ തരിശു രഹിത പഞ്ചായത്താക്കി മാറ്റുകയും ചെയ്യുക എന്നതാണ് ഇതിന്റെ പ്രധാന ഉദ്ദേശം. |

**സെക്ഷൻ ഓഫീസർ**